# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം–*** 686560

***ഫോൺ:*** 0481–2733370


## വാർത്താക്കുറിപ്പ്

**2025 ഏപ്രിൽ 9**

---

## പി. ബാലചന്ദ്രൻ അനുസ്മരണം ഇന്ന്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സ് സംഘടിപ്പിക്കുന്ന പി. ബാലചന്ദ്രൻ അനുസ്മരണ പരിപാടി ഇന്ന്(ഏപ്രിൽ 10) നടക്കും. സ്കൂൾ ഓഫ് ലെറ്റേഴ്സിൽ രാവിലെ 10.30ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിക്കും.*

*നാടകപ്രവർത്തകനും ചിത്രകാരനുമായ ഡോ. സാംകുട്ടി പട്ടങ്കരി പി. ബാലചന്ദ്രൻ സ്മാരക പ്രഭാഷണം നടത്തും. എഴുത്തുകാരനും വിവർത്തകനുമായ ഡോ. കെ. രാധാകൃഷ്ണ വാര്യർ പി. ബാലചന്ദ്രനെ അനുസ്മരിക്കും.*

*സുരേഷ് കുമാർ കുഴിമറ്റത്തിന്റെ ചിത്രപ്രദർശനത്തിന്റെ ഉദ്ഘാടനവും എബിൻ ദേവസ്യയുടെ കേടായ അന്തർവാഹിനികളുടെ യാഡ് എന്ന കവിതാ സമാഹാരത്തിന്റെ മൂന്നാം പതിപ്പിന്റെ പ്രകാശനവും ചടങ്ങിൽ നടക്കും. കവിയും ചിത്രകാരനുമായ എം.ആർ. രേണുകുമാർ പ്രകാശന കർമ്മം നിർവഹിക്കും. സിൻഡിക്കേറ്റ് അംഗം ഡോ. പി.എസ്. രാധാകൃഷ്ണൻ ആദ്യ കോപ്പി ഏറ്റുവാങ്ങും. വിഷ്ണു രവി പുസ്തകം പരിചയപ്പെടുത്തും. തുടർന്ന് പുസ്തക ചർച്ചയും കവിയരങ്ങും നടക്കും.*

## വ്യവസായ സംരംഭകത്വ പരിശീലനം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻ കുബേഷൻ സെന്റർ മെയ് മാസത്തിൽ നടത്തുന്ന അവധിക്കാല വ്യവസായ സംരം ഭകത്വ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് ഇപ്പോൾ അപേക്ഷിക്കാം. ഒരു*

*മാസം നീണ്ടുനിൽക്കുന്ന പരിശീലനത്തിൽ വിദ്യാർഥികൾക്കും അധ്യാപകർക്കും ഗവേഷകർക്കും പൊതുജനങ്ങൾക്കും പങ്കെടുക്കാം.*

*രജിസ്ട്രേഷൻ ഫീസ് 30000 രൂപ. താത്പര്യമുള്ളവർ ഏപ്രിൽ 26ന് മുൻപ്* https://bit.ly/sep_biicmgu *എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യണം. ഫോൺ– 79940 92730 ഇമെയിൽ:* biic@mgu.ac.in

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎ ഇക്കണോമിക്സ് (2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 22 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

..........................

*മൂന്നാം സെമസ്റ്റർ എംഎ ഹിസ്റ്ററി (2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 24 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1471/2025)*

## പ്രാക്ടിക്കൽ

*ആറാം സെമസ്റ്റർ സിബിസിഎസ് ബിഎസ്സി കെമിസ്ട്രി (പ്യുവർ), മോഡൽ 2 ഇൻഡസ്ട്രിയൽ കെമിസ്ട്രി, മോഡൽ 3 പെട്രോകെമിക്കൽസ് (പുതിയ സ്കീം 2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025 ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 21 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

............................

*ആറാം സെമസ്റ്റർ ബിവോക്ക് പ്രിന്റിംഗ് ടെക്നോളജി (പുതിയ സ്കീം 2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഫെബ്രുവരി 2025 ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 21 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

......................................

*ആറാം സെമസ്റ്റർ ബി.വോക്ക് സൗണ്ട് എൻജിനീയറിംഗ് (പുതിയ സ്കീം 2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പീയറൻസ്*

*ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 22, 23 തീയതികളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1472/2025)*

## വൈവ വോസി

*ആറാം സെമസ്റ്റർ ബിഎസ്സി ഫിസിക്സ് മോഡൽ 1, മോഡൽ 2, മോഡൽ 3, സിബിസിഎസ് (പുതിയ സ്കീം-2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രൊജക്ട് വൈവ വോസി പരീക്ഷകൾ ഏപ്രിൽ 22 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

........................................

*ആറാം സെമസ്റ്റർ ബിഎ സോഷ്യോളജി സിബിസിഎസ് (2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവ വോസി പരീക്ഷകൾ ഏപ്രിൽ 23ന് നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

........................................

*ആറാം സെമസ്റ്റർ ബിഎ മലയാളം (സിബിസിഎസ്) റെഗുലർ ആന്റ് പ്രൈവറ്റ് രജിസ്ട്രേഷൻ (2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ മെഴ്സി ചാൻസ് മാർച്ച് 2025 ) പരീക്ഷയുടെ പ്രാക്ടിക്കൽ/ വൈവ വോസി പരീക്ഷകൾ ഏപ്രിൽ 23ന് നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ*

........................................

*ആറാം സെമസ്റ്റർ ബിഎ ഇക്കണോമിക്സ് സിബിസിഎസ് (പുതിയ സ്കീം 2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025 ) പരീക്ഷയുടെ പ്രൊജക്ട് വൈവ വോസി പരീക്ഷകൾ ഏപ്രിൽ 21 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1473/2025)*

## പരീക്ഷാ തീയതി

*രണ്ടാം സെമസ്റ്റർ എംജിയു-യുജിപി, എംജിയു-ബിബിഎ, എംജിയു-ബിസിഎ (ഓണേഴ്സ് 2024 അഡ്മിഷൻ മാർച്ച് 2025) പരീക്ഷകൾ ഏപ്രിൽ 22 മുതൽ നടക്കും.*

..........................

*അഫിലിയേറ്റഡ് കോളജുകളിലെ നാലാം സെമസ്റ്റർ എൽഎൽഎം (2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2018 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ ഏപ്രിൽ 28 മുതൽ നടക്കും.*

........................

*എഴാം സെമസ്റ്റർ സെമസ്റ്റർ ഐഎംസിഎ (2018, 2019 അഡ്മിഷൻ സപ്ലിമെന്ററി, 2017 അഡ്മിഷൻ മെഴ്സി ചാൻസ്, എഴാം സെമസ്റ്റർ ഡിഡിഎംസിഎ (2015, 2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ഏപ്രിൽ 23ന് ആരംഭിക്കും.*

*(പി.ആർ.ഒ/39/1474/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*രണ്ടാം സെമസ്റ്റർ എംഎഡ് സ്പെഷ്യൽ എജ്യുക്കേഷൻ-ഇന്റലക്ചൽ ഡിസബിലിറ്റി (2024 അഡ്മിഷൻ റെഗുലർ, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ മെയ് ആറു മുതൽ നടക്കും. ഏപ്രിൽ 21 വരെ അപേക്ഷിക്കാം. ഫൈനോടു കൂടി ഏപ്രിൽ 22 വരെയും സൂപ്പർ ഫൈനോടു കൂടി ഏപ്രിൽ 23 വരെയും അപേക്ഷ സ്വീകരിക്കും.*

........................

*മൂന്നാം സെമസ്റ്റർ എംഎഡ് സ്പെഷ്യൽ എജ്യുക്കേഷൻ-ഇന്റലക്ചൽ ഡിസബിലിറ്റി (ദ്വിവത്സര-2023 അഡ്മിഷൻ റെഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ ഏപ്രിൽ 28 മുതൽ നടക്കും. ഏപ്രിൽ 11 വരെ അപേക്ഷിക്കാം. ഫൈനോടു കൂടി ഏപ്രിൽ 15 വരെയും സൂപ്പർ ഫൈനോടു കൂടി ഏപ്രിൽ 16 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1475/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ